LIBRARY ARCHIVES Kerala Legislative Assembly

1. 2020/3334- വാർഷിക പദ്ധതി 2018-19 ഗവൺമെന്റ് എൽ.പി. സ്കൂൾ കോതമംഗലത്തിന്റെ വൈദ്യുതീകരണത്തിന് ആവശ്യമായ ഫണ്ട് ലഭിക്കാത്തതിനാൽ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല.

2. S.A.R.B.T.M. കോളേജിലെ മെൻസ് ഹോസ്റ്റലിന്റെ വൈദ്യുതീകരണ പ്രവൃത്തികൾക്ക് ആവശ്യമായ ഫണ്ട് ലഭിക്കാത്തതിനാൽ പ്രവൃത്തി ആരംഭിച്ചിട്ടില്ല.

കെട്ടിടത്തിന്റെ വാല്യൂവേഷൻ നിശ്ചയിക്കൽ

6(4016) ശ്രീ. കെ. ബാബു (നെന്മാറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലങ്കോട് കാർഷിക കോളേജിനായി കണ്ടെത്തിയ കെട്ടിടത്തിന്റെ വാല്യൂവേഷൻ നിശ്ചയിക്കുന്നതിനുള്ള നടപടി ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത കെട്ടിടത്തിന്റെ വാല്യൂവേഷൻ നടപടി പൂർത്തീകരിക്കാൻ ആവശ്യമായ അടിയന്തര നടപടി സ്വീകരിക്കുമോ?

(എ&ബി) നെന്മാറ നിയോജകമണ്ഡലത്തിലെ നെന്മാറ കാർഷിക കോളേജിനായി കണ്ടെത്തിയ കൊല്ലങ്കോട് മുതലമട 1 വില്ലേജിൽ ആട്ടയാമ്പതിയിൽ പാലക്കാട് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ആൻറ് ടെക്നോളജി (പിസാറ്റ്) എന്ന പേരിൽ പ്രവർത്തിച്ചുവന്നിരുന്ന കെട്ടിടത്തിന്റെ വാല്യൂഷൻ റിപ്പോർട്ട് ജില്ലാ കളക്ടർ, പാലക്കാടിന് സമർപ്പിച്ചിട്ടുണ്ട്. വാല്യൂഷൻ തയ്യാറാക്കുന്നതിനായി ജില്ലാ കളക്ടർ നൽകിയ കത്തിൽ നെന്മാറ കാർഷിക കോളേജ് എന്നാണ് പറഞ്ഞിട്ടുള്ളത്.

മലമ്പുഴ ഉദ്യാനത്തിന്റെ നവീകരണം

7(4017) ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ മലമ്പുഴ ഉദ്യാനത്തിന്റെ അറ്റകുറ്റപ്പണികൾക്കും നവീകരണത്തിനുമായി ഗാർഡൻ ഫണ്ട് വിനിയോഗിച്ച് 2016 മുതൽ 2021 ജൂൺ മാസം വരെയുള്ള കാലയളവിൽ എന്തെല്ലാം പ്രവൃത്തികൾക്കാണ് ഡി.റ്റി.പി.സി. ഭരണാനുമതി നൽകിയിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) ഇതിൽ ഓരോ പ്രവൃത്തിക്കും ഭരണാനുമതി നൽകിയ തീയതിയും അനുവദിച്ച തുകയും എത്രയെന്ന് വ്യക്തമാക്കാമോ;

(സി) മേൽപ്പറഞ്ഞ പ്രവൃത്തികളുടെ നിർമ്മാണ ചുമതല ആർക്കാണെന്ന് അറിയിക്കാമോ?

(എ-സി) പാലക്കാട് ജില്ലയിലെ മലമ്പുഴ ഉദ്യാനത്തിന്റെ നവീകരണവുമായി ബന്ധപ്പെട്ട് ഭരണാനുമതി നൽകിയ പ്രവർത്തികളുടെ വിശദവിവരം അനുബന്ധമായി ചേർക്കുന്നു.*

മികച്ച ആർക്കിടെക്ടുകളുടെ സേവനം

8(4018) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലഘട്ടത്തിനനുസരിച്ച് ആകർഷകമായ രീതിയിലും ഉണഭോക്താക്കൾക്ക് സൗകര്യപ്രദമായ രീതിയിലും കെട്ടിടങ്ങൾ രൂപകൽപ്പന ചെയ്യുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നത് എന്ന് വ്യക്തമാക്കാമോ;

(ബി) പൊതുമരാമത്ത് വകുപ്പ് നിർമ്മിക്കുന്ന കെട്ടിടങ്ങളിൽ മികച്ച ആർക്കിടെക്ടുകളുടെ സേവനം ഉപയോഗിക്കുന്നതിന് പദ്ധതിയുണ്ടോ എന്ന് വ്യക്തമാക്കാമോ; ഉണ്ടെങ്കിൽ വിശദവിവരങ്ങൾ ലഭ്യമാക്കാമോ;

(സി) മികച്ച അംഗീകൃത ആർക്കിടെക്ടുകളുടെ ഒരു പാനൽ ഉണ്ടാക്കുന്നത് പരിഗണനയിലുണ്ടോ എന്നറിയിക്കുമോ?

(എ-സി) പൊതുമരാമത്ത് വകുപ്പിൽ കെട്ടിടങ്ങളുടെ രൂപകൽപ്പനയ്ക്കായി വാസ്തുശില്പ വിഭാഗം നിലവിലുണ്ട്. കഴിഞ്ഞ ഏതാനും വർഷങ്ങളായി കെട്ടിടങ്ങളുടെ രൂപഭംഗിയ്ക്കുകൂടി പ്രത്യേകം ഊന്നൽ നൽകിക്കൊണ്ടാണ് എല്ലാ കെട്ടിടങ്ങളും രൂപകൽപ്പന ചെയ്തുവരുന്നത്. കെട്ടിടങ്ങളുടെ ഉപയോഗ ക്ഷമതയ്ക്കൊപ്പം കലാപരമായ ഭംഗിക്ക് ആധാരമായ വാസ്തുശില്പകലയുടെ അടിസ്ഥാന തത്വങ്ങളെല്ലാം സമന്വയിപ്പിച്ചാണ് ഏത് രൂപകൽപ്പനയും തയ്യാറാക്കുന്നത്. കേരളത്തിന്റെ പ്രത്യേകമായ കാലാവസ്ഥയ്ക്ക് അനുസൃതമായ വാസ്തുശില്പ ശൈലി കാലാകാലങ്ങളായി ഇവിടെ രൂപപ്പെട്ടിട്ടുണ്ടെങ്കിലും ആധുനിക കാലഘട്ടത്തിന് ആവശ്യമായ ബഹുനില കെട്ടിടങ്ങളിൽ പുതിയ നിർമ്മാണ സങ്കേതങ്ങളും സാമഗ്രികളും അവസരോചിതമായി ഉൾപ്പെടുത്തേണ്ടതുണ്ട്. സുസ്ഥിരമായ കെട്ടിട നിർമ്മാണത്തിന് പ്രാധാന്യമേറിവരുന്ന ഈ കാലഘട്ടത്തിൽ കഴിയുന്നത്ര ഹരിത നിർമ്മാണ തത്വങ്ങൾ ഉൾക്കൊള്ളിച്ചാണ് എല്ലാ കെട്ടിടങ്ങളും

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

LIBRARY ARCHIVES Kerala Legislative Assembly